(10) നിലവിലുള്ള തട്ട് ബോർമകൾക്ക് പകരം ഫോഗ് എയർ ബോർമയുടെ സ്ഥാപനം

(11) ടിന്നിൽ പരിപ്പ് നിറച്ച് എക്സ്പോർട്ട് ചെയ്യുന്നതിന് പകരം ഫ്ളെക്സി പാക്കിംഗിൽ പരിപ്പ് നിറച്ച് എക്സ്പോർട്ട് ചെയ്യൽ.

കോർപ്പസ് ഫണ്ട്

16 (*575) ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പസ് ഫണ്ട് രൂപീകരിച്ചതെപ്പോഴാണ്;

(ബി) ഈ ഫണ്ട് രൂപീകരിച്ചതിനു ശേഷം പീഡിതവും അടഞ്ഞുകിടക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് എത്ര രൂപ ഈ ഫണ്ടിൽനിന്നും വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വ്യവസായങ്ങൾക്ക് എത്ര രൂപാവീതം മുടക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേരള വ്യവസായ പുനരുദ്ധാരണ നിധി ആക്ട് പ്രകാരം 29.3.99-ൽ കേരള വ്യവസായ പുനരുദ്ധാരണ നിധി രൂപീകരിച്ചു. ഇതിന് സർക്കാരിന്റെ വിഹിതമായി 1998-99ൽ 30 കോടി രൂപയും ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും ചേർത്ത് 210 കോടി രൂപ സമാഹരിച്ചു കഴിഞ്ഞു.

(ബി) ഈ ഫണ്ടിൽനിന്നും 15.49 കോടി രൂപ 1999 ഒക്ടോബർ മാസത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) ടെൽക് (10 കോടി രൂപ), കേരളാസ്റ്റേറ്റ് ടെക്സ്റ്റെയിൽസ് കോർപ്പറേഷൻ (2 കോടി രൂപ) ആട്ടോകാസ്റ്റ് (1.82 കോടി രൂപ) കേരളാ ഗാർമെന്റ്സ് (1.67 കോടി രൂപ) എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ളത്.

ക്രമക്കേടുകളെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറൽ അയക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട്

17 (*576) ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമക്കേടുകളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ അയക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിനും ആഡിറ്റ് ഒബ്സർവേഷനും റവന്യൂവകുപ്പിൽ നിന്നു മറുപടി അയക്കുന്നതിന് കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly